# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4869. 27.10.2016 -ലെ മറുപടിയ്ക്ക്

### ഡിഗ്രി പ്രവേശന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>,, എൻ. എ. നെല്ലിക്കുന്ന്<br>,, കെ. എം. ഷാജി<br>,, ടി. വി. ഇബ്രാഹിം | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ നടപ്പ വിദ്യാഭ്യാസ വർഷത്തിൽ ഡിഗ്രി പ്രവേശനത്തിന് സ്വീകരിച്ച നടപടിക്രമം വ്യക്തമാക്കുമോ | (എ) | ബിരുദ പ്രവേശനത്തിന് 30.09.2016 വരെ സമയ പരിധി സർക്കാർ നിർദ്ദേശിച്ചിരുന്നു. വിവിധ സർവ്വകലാശാലകൾ അവലംബിച്ച തീയതി അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇക്കാര്യത്തിൽ മുൻകാലങ്ങളിൽ സ്വീകരിച്ച വന്ന നയം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | കണ്ണൂർ യൂണിവേഴ്സിറ്റി 2015-16 അദ്ധ്യയന വർഷം മുതൽ ഏകജാലക സംവിധാനം വഴിയും അതിനുമുൻപ് അതാത് കോളേജുകൾ മുഖേനയുമാണ് പ്രവേശനം നടത്തിയിരുന്നത്.<br><br>എന്നാൽ 2012 അദ്ധ്യയന വർഷം മുതൽ കേരള സർവ്വകലാശാലയിൽ സെൻട്രലൈസ്ഡ് അലോട്ടമെന്റ് ഓൺലൈൻ സംവിധാനമായിരുന്നു. മുൻവർഷങ്ങളിൽ മൂന്ന് ഓൺലൈൻ അലോട്ടമെന്റുകൾക്കുശേഷം സ്വാശ്രയ കോളേജുകൾക്ക് സ്വന്തമായി അഡ്മിഷൻ നടത്തുന്നതിനുള്ള അനുവാദം നൽകിയിരുന്നു. പ്രവേശനം അവസാനിക്കുന്ന ഘട്ടത്തിൽ മറ്റ് അഫലിയേറ്റഡ് കോളേജുകളിലും ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തിന്നതിനുള്ള അനുവാദം നൽകിയിരുന്നു. കാലിക്കറ്റ് സർവ്വകലാശാലയിൽ 2014-15 മുതൽ ബിരുദ പ്രവേശനം ഏകജാലകം |

| | | | |
|---|---|---|---|
| | | | വഴിയാണ്. 2011 വർഷം മുതൽ എം.ജി. യിൽ ബിരുദ പ്രവേശനം ഏകജാലകം വഴിയാണ്. |
| (സി) | ഓൺലൈൻ അലോട്ടുമെന്റുകൾക്കുശേഷം പ്രൊഫഷണൽ അഡ്മിഷൻ പൂർത്തിയാവും മുമ്പ്, എല്ലാ ഒഴിവുകളിലേക്കും സ്പോട്ട് അഡ്മിഷൻ നടത്താൻ കേരള യൂണിവേഴ്സിറ്റിയുടെ കീഴിലെ കോളേജുകൾക്ക് അനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ അതു കൊണ്ടുള്ള നേട്ടം വിശദമാക്കുമോ? | (സി) | ഓൺലൈൻ അലോട്ടുമെന്റുകൾക്കുശേഷം പ്രൊഫഷണൽ അഡ്മിഷൻ പൂർത്തിയാവും മുമ്പ്, നിലവിലുള്ള ഒഴിവുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്താൻ കേരള യൂണിവേഴ്സിറ്റി അനുമതി നൽകിയിട്ടുണ്ട്. സ്പോട്ട് അഡ്മിഷൻ അതാത് കോളേജുകളിൽ വച്ച് നടത്തുന്നത് പ്രദേശ വാസികളായ കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കുന്നതിനും പരമാവധി ഒഴിവുകൾ നികത്തുന്നതിനും സഹായകമായിട്ടുണ്ട് എന്നതാണ് വിലയിരുത്തൽ. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല**

18.05.2016 ൽ ഓൺലൈൻ അപേക്ഷ ക്ഷണിച്ചു 14.07.2018 ൽ സേ പരീക്ഷ പാസായവർക്കായി വിജ്ഞാപനം പുറപ്പെടുവിച്ചു. ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാനുള്ള തീയതി 06.03.2016 വരെ ദീർഘിപ്പിച്ചു. 16.08.2016 ൽ ബിരുദ പ്രവേശനം അവസാനിപ്പിച്ചു.

**കേരള സർവ്വകലാശാല**

സെൻട്രലൈസ്ഡ് ഓൺലൈൻ സംവിധാനത്തിലൂടെയാണ് പ്രവേശനം നടത്തിയത്. നാല് അലോട്ട്മെന്റുകളും 3 SC/ST സ്പോട്ട് അലോട്ട്മെന്റുകളും, മൂന്ന് ജനറൽ സ്പോട്ട് അലോട്ടമെന്റുകളും നടത്തിയിട്ടുണ്ട്.

**കണ്ണൂർ സർവ്വകലാശാല**

ഏക ജാലക സംവിധാനം വഴി ഡിഗ്രി പ്രവേശനം നടത്തി.

**കൊച്ചി ശാസ്ത്ര സാങ്കേതി സർവ്വകലാശാല**

ഓൺലൈൻ അപേക്ഷ ക്ഷണിച്ച് 26.01.2016 ൽ വിജ്ഞാപനം നടത്തി. ഏപ്രിൽ 30, മെയ് 1 തീയതികളിൽ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി. റാങ്ക് ലിസ്റ്റ് അടിസ്ഥാനമാക്കി കൗൺസിലിംഗ് നടത്തി പ്രവേശനം പൂർത്തീകരിച്ചു.

**മഹാത്മാഗാന്ധി സർവ്വകലാശാല**

ഏകജാലക സംവിധാനത്തിലൂടെ പ്രവേശനം നർവ്വഹിച്ചു

**കാലിക്കറ്റ് സർവ്വകലാശാല**

ഏകജാലക സംവിധാനം വഴി ഓൺലൈൻ അലോട്ട്മെന്റ് നടത്തി പ്രവേശനം പൂർത്തീകരിച്ചു. 5 അലോട്ട്മെന്റും ഒരു സ്പെഷ്യൽ അലോട്ട്മെന്റും നടത്തുകയുണ്ടായി. റാങ്ക് ലിസ്റ്റിൽ നിന്നു മാത്രം അഡ്മിഷൻ നടത്തുവാൻ സാധിക്കുന്ന വിധത്തിൽ സോഫ്റ്റ് വെയർ ക്രമീകരിച്ചു.

Section Officer